"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/222/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-06-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സമഗ്ര ശിക്ഷ കേരള - തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം കാലതാമസം കൂടാതെ കൈമാറുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022

**********************

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന പദ്ധതി നിർവഹണ ഏജൻസിയാണ് സമഗ്ര ശിക്ഷ കേരള. 2023-24 രണ്ടാം പകുതി മുതൽ എസ്.എസ്.കെ ക്ക് ലഭിക്കേണ്ട കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ എസ്.എസ്.കെ മുഖാന്തരമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ മന്ദഗതിയിലായിരിക്കുകയാണ്.

തദ്ദേശ സ്ഥാപനങ്ങൾ വികസനഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കിവയ്ക്കേണ്ടതായ സൂചിത ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 5.2(എ) പ്രകാരമുള്ള ഇനങ്ങളിൽ 'എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം' നൽകുന്നതും ഉൾപ്പെടുന്നുണ്ട്. അതിൻപ്രകാരം 2023-24 വർഷത്തിൽ 82.68 കോടിയും 2024-25 ൽ 88.83 കോടിയും ഈ ഇനത്തിൽ എസ്.എസ്.കെ ക്ക് ലഭിച്ചിട്ടുണ്ട്. 2025-26 വർഷത്തിൽ 216.22 കോടി രൂപ എസ്.എസ്.കെ.ക്ക് നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ഈ വർഷം ലഭിച്ചിട്ടില്ല എന്നത് പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, സമഗ്ര ശിക്ഷ കേരള പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനായി, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ വികസന ഫണ്ടിൽ നിന്നും ആനുപാതികമായ തുക എത്രയും പെട്ടെന്ന് തന്നെ എസ്.എസ്.കെ ക്ക് അനുവദിക്കണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം തുക നൽകാത്ത സ്ഥാപനങ്ങളുടെ വിവരം പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ പരിശോധിക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. പൊതു വിദ്യാഭ്യാസ വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Viraj K**
**Date: 27-06-2025 17:31:54**

സെക്ഷൻ ഓഫീസർ.